AO

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - ആരോഗ്യ വകുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി -'പ്രത്യേക നിയമനത്തിനായി സംവരണം ചെയ്തിരുന്ന റേഡിയോഗ്രാഫർ തസ്തിക സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയായി റീ-കാറ്റഗറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു'.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പ്**

സ.ഉ. (കൈ)നം.16/2018/പൊഭവ. തീയതി, തിരുവനന്തപുരം, 19/01/2018

---

പരാമർശം:- 1. 17/03/2015-ലെ സ.ഉ. (കൈ) നം.101/2015/പൊഭവ.
2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/01/2017,24/11/2017,03/01/2018 എന്നീ തീയതികളിലെ ഇ.എച്ച്2/59073/2017/ആ.വ.ഡ നമ്പർ കത്തുകൾ.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം 01/01/2011 അടിസ്ഥാനമാക്കി സൂചന 1-ലെ ഉത്തരവ് പ്രകാരം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നോൺ-ഗസറ്റഡ് കാറ്റഗറിയിൽ വിവിധ തസ്തികകളിലായി പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി 135 തസ്തികകൾ പ്രത്യേക നിയമനത്തിനായി റിസർവ്വ് ചെയ്യുകയുണ്ടായി. ആയതിൽ റേഡിയോ ഗ്രാഫർമാരുടെ 16 തസ്തികകളും ഉൾപ്പെടുകയുണ്ടായി. (ശമ്പള സ്കെയിൽ 22,200-48,000 (പുതിയത്)).

റേഡിയോഗ്രാഫർ തസ്തികയിലേക്ക് നിശ്ചിതയോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ റേഡിയോഗ്രാഫർ തസ്തിക 27,800-59,400 ശമ്പളസ്കെയിലുള്ള സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് റീ കാറ്റഗറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സൂചന 2 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ റേഡിയോഗ്രാഫർ തസ്തിക സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് റീകാറ്റഗറൈസ് ചെയ്ത് ഉത്തരവ ചുവടെ വിവരിക്കും പ്രകാരം റീകാറ്റഗറൈസ് ചെയ്ത് ഉത്തരവാകുന്നു.

| കാറ്റഗറി | തസ്തികയുടെ പേരും ശമ്പള സ്കെയിലും | (തസ്തികകളുടെ എണ്ണം) (പട്ടിക വർഗ്ഗം മാത്രം) | റീ കാറ്റഗറൈസ് ചെയ്ത തസ്തികയുടെ പേരും ശമ്പള സ്കെയിലും. |
|---|---|---|---|
| നോൺ-ഗസറ്റഡ് | റേഡിയോഗ്രാഫർ (22,200-48000) (പുതിയത്) | 16 | സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 (27800-59400) |

ഇപ്രകാരം റീ-കാറ്റഗറൈസ് ചെയ്തു നൽകിയ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സാജു.എസ്**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ,ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ്
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ -ബി/ എ 2 സീറ്റ്) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Saseendra

സെക്ഷൻ ഓഫീസർ